"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ തെക്കുംകര ഗ്രാമപഞ്ചായത്തിലെ മച്ചാട് മാമാങ്കം - 2026 ന് ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.683/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- 1. തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 02.01.2026 തീയതിയിലെ അപേക്ഷ.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന മച്ചാട് തിരുവാണിക്കാവ് ഉത്സവമായ മച്ചാട് മാമാങ്കം പ്രാദേശിക ഉത്സവമായി ആഘോഷിക്കുന്നുണ്ടെന്നും ആയതിന്റെ ഭാഗമായി മച്ചാട് മാമാങ്കം എക്സിബിഷൻ എന്ന പേരിൽ ഫെബ്രുവരി 17 ന് പ്രദർശനം സംഘടിപ്പിക്കുന്നെന്നും പ്രദർശനത്തിന്റെ സുഗമമായ നടത്തിപ്പിന് തെക്കുംകര ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ അനുവദിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തെക്കുംകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന മച്ചാട് തിരുവാണിക്കാവ് ഉത്സവമായ മച്ചാട് മാമാങ്കം 2026 ന്റെ ഭാഗമായ പ്രദർശനത്തിന്റെ സുഗമമായ നടത്തിപ്പിന് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ₹2,00,000/- (രണ്ടു ലക്ഷം രൂപ മാത്രം) രൂപ വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 11-03-2026 14:12:01